"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-പാലക്കാട് അട്ടപ്പാടി ഉളിക്കടവിലുള്ള ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് അനധികൃതമായി മരങ്ങൾ മുറിച്ച കുറ്റകൃത്യത്തിൽ ഉൾപ്പെട്ട പ്രതികളെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ സഹായിക്കുന്നു എന്ന പരാതി-വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന-സർവ്വശ്രീ.സി. രാജേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഷെറീഫ്.സി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, മുരളീധരൻ.വി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, കെ.കെ.ഹരികുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി-തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.60/2023/F&WLD തീയതി,തിരുവനന്തപുരം, 08-02-2023

---

പരാമർശം:-

1. 11/10/2018 ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ E12(PE6/18/PKD)2794/18നമ്പർ കത്ത്.
2. 05.09.2021-ലെ FWLD-A2/04/2019-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും
3. 12.10.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി7-1062/2019 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് അട്ടപ്പാടി ഉളിക്കടവിലുള്ള ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് വൻ തോതിൽ തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ മുറിച്ച് അനധികൃതമായി സൂക്ഷിച്ച് വച്ചിട്ടുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയപ്പോൾ 40 ലക്ഷത്തോളം രൂപയുടെ മരം സ്റ്റോക്ക് ചെയ്തിട്ടും ആയതിന് 7,36,000/- രൂപ വില കണക്കാക്കി കുറ്റകൃത്യത്തിൽ ഉൾപ്പെട്ട പ്രതികളെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ സഹായിക്കുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിറ്റ് പ്രാഥമിക അന്വേഷണം നടത്തിയതിൽ ക്രമക്കേടുകാരണം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചതായോ സ്വകാര്യ വ്യക്തിയ്ക്ക് അനധികൃത ലാഭം ഉണ്ടായതായോ തെളിയിക്കുന്ന മതിയായ തെളിവുകൾ ലഭിക്കാത്തതിനാൽ സ്വകാര്യ വ്യക്തിയ്ക്കെതിരെ നിയമ നടപടിയും ക്രമക്കേടുകൾക്ക് ഉത്തരവാദികളായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.സി.രാജേഷ്, ശ്രീ.ഷെറീഫ്.സി, ശ്രീ.കെ.കെ.ഹരികുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.മുരളീധരൻ.വി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ വകുപ്പ് തല നടപടിക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം (2) പ്രകാരം ടിയാന്മാർക്കെതിരെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് 16 പ്രകാരം ലഘു ശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

മേൽ അച്ചടക്കനടപടിക്ക് ആധാരമായ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതായ മരങ്ങളെല്ലാം മണ്ണാർക്കാട് ഡിവിഷനിൽ നിന്നും അനുവദിച്ചതായ ഫോം 3 റെഡ് പെർമിറ്റുകളിലും, അഗളി റെയിഞ്ച് ഓഫീസിൽ നിന്നും അനുവദിച്ചതായ ഡിക്ലറേഷനിലും ഉൾപ്പെടുന്നതും, ആയവ സ്വകാര്യ സ്ഥലത്തു നിന്നും ശേഖരിച്ച മരങ്ങളും ആകയാൽ, ടി മരങ്ങൾ അനധികൃതമായി ശേഖരിച്ചതല്ലെന്നും, ടി മരങ്ങളെല്ലാം തന്നെ

അഗളി, ഷോളയൂർ വില്ലേജ് പരിധികളിൽ നിന്ന് മുറിച്ചവയും ടി പ്രദേശത്തെ ഭൂരിഭാഗം റോഡുകളും വളരെ വീതികുറഞ്ഞതും, കയറ്റിറക്കമുള്ളതിനാലും വലിയ വാഹനങ്ങൾ പ്രവേശിച്ച് മരങ്ങൾ കയറ്റികൊണ്ട് പോകുന്നത് വളരെ ശ്രമകരമായതിനാലും, സ്വകാര്യവ്യക്തികളിൽ നിന്നും വാങ്ങുന്ന മരങ്ങൾ ചെറിയ വാഹനങ്ങളിൽ കയറ്റി വലിയ ഭാരവാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നതിനുള്ള സൗകര്യത്തിനായാണ്, സൗകര്യപ്രദമായ ഉളിക്കടവ് പോലുള്ള സ്ഥലങ്ങളിൽ സൂക്ഷിച്ചതെന്നും, 1975 ലെ കെ.എഫ്.പി.ടി റൂൾസ് ചട്ടം 12 പ്രകാരം മരക്കച്ചവടക്കാർക്ക് ഡിപ്പോ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും, ആയത് നിർബന്ധമല്ല എന്നതിനാൽ ഇത്തരത്തിൽ മരം സൂക്ഷിക്കുന്നതിന് ഡിപ്പോ രജിസ്ട്രേഷൻ വേണമെന്ന് ആവശ്യപ്പെടുവാൻ കഴിയില്ലായെന്നും കൂടാതെ സ്വകാര്യ സ്ഥലത്ത് തടികൾ സൂക്ഷിക്കുന്നതിന്, വനഭൂമിയിൽ നിന്നും നിശ്ചിത അകലം പാലിക്കണമെന്ന തരത്തിലുള്ള നിബന്ധനകളും മേൽ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നില്ലായെന്നും, എന്നിരുന്നാലും, അനുവദിച്ച പാസ്സ് പ്രകാരം മരങ്ങൾ കടത്തികൊണ്ടുപോകുന്നതിന് പകരം, അവ ഒരുമിച്ച് ശേഖരിച്ച് സൂക്ഷിച്ചതിന്, ശ്രീ.അരുൺഫിലിപ്പ് എന്ന വ്യക്തിക്കെതിരെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ-1/2018 നമ്പറായി കേസ് രജിസ്റ്റർ ചെയ്യുകയും, ബഹു.മണ്ണാർക്കാട് കോടതിയിൽ ടി കേസ് ചാർജ്ജ് ചെയ്ത്, ബഹു.കോടതി 500/- രൂപ പ്രതിയായ ശ്രീ.അരുൺ ഫിലിപ്പിൽ നിന്നും പിഴ ഈടാക്കുന്നതിന് ഉത്തരവായിക്കൊണ്ട് കേസ് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതായും, ശേഖരിച്ച മരങ്ങൾ എല്ലാം തന്നെ അനുമതി പ്രകാരം സ്വകാര്യ സ്ഥലത്തുനിന്നും മുറിച്ച് സൂക്ഷിച്ചവയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ സർക്കാർ നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

മരങ്ങൾ മുറിച്ചത് സ്വകാര്യ സ്ഥലത്ത് നിന്ന് ആയതിനാലും, 1975 ലെ കെ.എഫ്.പി.ടി റൂൾസ് ചട്ടം 12-ൽ തടിക്കച്ചവടക്കാർ നിർബന്ധമായും പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷനോ, നിയമപ്രകാരം മുറിച്ച് ശേഖരിച്ച മരങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് നിയമപരമായി അനുമതി തേടണമെന്നോ വ്യവസ്ഥയില്ലായെന്ന കാരണങ്ങളാൽ, നാലുവർഷത്തോളമായി സ്പെസിഫൈഡ് ഇനത്തിൽപ്പെട്ട മരങ്ങൾ സ്റ്റോക്ക് ചെയ്തതു പോലുള്ള നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിൽ മേൽ ജീവനക്കാർ പരാജയപ്പെട്ടു എന്ന ചാർജ്ജ്, മേൽ പരാമർശിച്ച ചട്ടങ്ങളിലെ പിഴവുകൾ കാരണം നിലനിൽക്കുന്നതല്ലെന്നും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.സി.ഷെരീഫ് അഗളി റെയിഞ്ചിന്റെ ചുമതലയിലുണ്ടായിരുന്ന 16.12.2015 മുതൽ 27.10.2017 വരെയുള്ള കാലയളവിലാണ് മേൽ മരങ്ങൾ സ്റ്റോക്ക് ചെയ്ത് വെച്ചത് എന്നത് സംബന്ധിച്ച തെളിവുകളൊന്നും ലഭിച്ചിട്ടില്ലായെന്നും, കൂടാതെ ശ്രീ.സി.ഷെരീഫിനു ശേഷം, ടി റെയിഞ്ചിന്റെ ചുമതല വഹിച്ച ശ്രീ.സി.രാജേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 13.11.2017 മുതൽ 08.02.2018 വരെയുള്ള കേവലം 2 മാസം മാത്രമാണ് ടി റെയിഞ്ചിൽ ചുമതലയിലുണ്ടായിരുന്നതെന്നും, സ്വകാര്യ സ്ഥലത്തു നിന്നും മുറിച്ച് ശേഖരിച്ച്, മറ്റിടങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിന് കടത്തുപാസ്സ് അനുവദിച്ച മരങ്ങൾ അനുമതിയില്ലാതെ സ്വകാര്യസ്ഥലത്ത് സൂക്ഷിച്ചു എന്നതൊഴിച്ചാൽ വനത്തിൽ നിന്നോ മറ്റ് സർക്കാർ ഭൂമിയിൽ നിന്നോ മരങ്ങൾ മുറിച്ചതായോ, കടത്തിയതായോ കണ്ടെത്തിയിട്ടില്ലാത്തതിനാലും, കണ്ടെത്തിയ മരങ്ങളെല്ലാം തന്നെ നിയമാനുസരണം അനുമതിയോടുകൂടി മുറിച്ചതിനാലും പ്രസ്തുത സ്ഥലത്ത് മരങ്ങൾ സൂക്ഷിച്ചു എന്ന കുറ്റം ഗൗരവമായി കണക്കാക്കാവുന്നതല്ലെന്നും, മരം മുറിച്ച് ശേഖരിക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന ചട്ടങ്ങളാണ് ഇത്തരം പ്രശ്നങ്ങൾക്ക് ആധാരമെന്ന് കാണുന്നതെന്നും, ആയതു കൊണ്ടുതന്നെ തൻമൂലം ഉണ്ടാകുന്ന വീഴ്ചകൾക്ക് ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ ചുമത്തുന്ന ചാർജ്ജ് നിലനില്ക്കുന്നതല്ലെന്നും, ഏതൊരു കുറ്റകൃത്യത്തിലും ഉൾപ്പെട്ട തടികൾ പിടിച്ചെടുക്കുമ്പോൾ, അത് സംബന്ധിച്ച് തയ്യാറാക്കുന്ന മഹസ്സറിൽ സാധാരണയായി ടി തടിക്ക്, ടി സ്ഥലത്ത് ലഭിക്കാവുന്ന വിലയാണ് രേഖപ്പെടുത്തുക എന്നും, ഷെഡ്യൂൾ റേറ്റ്/സീനിയറേജ് റേറ്റ് പ്രകാരമുള്ള വിലനിർണ്ണയം സാധാരണയായി നടത്താറില്ലാത്തതായും, ഒമ്മല ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തതുമായ ഒ.ആർ.01/2018 കേസ്സിലെ സീഷർ മഹസ്സറിലും സ്ഥലത്ത് ലഭിക്കാവുന്ന വിലയാണ് രേഖപ്പെടുത്തിയതെന്ന് മനസ്സിലാക്കുന്നതായും , പിടിച്ചെടുത്ത തടികൾ മുഴുവൻ സ്വകാര്യ കൈവശഭൂമിയിൽ നിന്ന് ശേഖരിച്ചവയാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതിനാൽ വില നിർണ്ണയത്തിന് പ്രാധാന്യമില്ലെന്ന് കാണുന്നതായും, എന്നാൽ തടികൾ വിൽപ്പന നടത്തുമ്പോൾ അവയുടെ വിലയിന്മേൽ ഈടാക്കുന്ന സെയിൽസ് ടാക്സ്, വിൽപ്പന നികുതിവകുപ്പ്

നിർണ്ണയിക്കുന്നത് അവരുടേതായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായതിനാലും, വനം വകുപ്പിന്റെ വിലനിർണ്ണയത്തെ അടിസ്ഥാനമാക്കിയല്ലാത്തതിനാലും മഹസ്സറിൽ കാണിക്കുന്ന വിലയ്ക്ക് പ്രാധാന്യം കുറവാണെന്നും, വില കുറഞ്ഞു പോയതുകൊണ്ട് സർക്കാർ നഷ്ടമൊന്നുമില്ലെന്നും കാണുന്ന സാഹചര്യത്തിൽ, കുറ്റാരോപിതരായ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദപത്രിക അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും, മേൽ മരം മുറിക്ക് ആസ്പദമായ മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി, അഗളി റെയിഞ്ചിലെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ ുളിക്കടവ് മേഖല മനുഷ്യ-വന്യജീവി സംഘർഷം, വനം കയ്യേറ്റം, ചന്ദനക്കാടുകളുടെ സംരക്ഷണം, വനാതിർത്തി പുനർനിർണ്ണയം എന്നിങ്ങനെ ഒട്ടേറെ വനസംരക്ഷണ പ്രവർത്തനങ്ങൾ/പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രദേശമാണെന്നും, ആദിവാസികൾ ഒട്ടേറെ താമസിക്കുന്നതും, കുറുക്കൻകുണ്ട് പോലുള്ള വനം കയ്യേറ്റം നിലനിൽക്കുന്നതുമായ ടി വനമേഖലയിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും വനാതിർത്തിയുടെ സർവ്വെ, ജണ്ട നിർമ്മാണം തുടങ്ങി ഒട്ടേറെ ഭാരിച്ച വനസംരക്ഷണ പ്രവർത്തനങ്ങൾ അഗളി റെയിഞ്ചിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നവയാണെന്നും, മേൽ സാഹചര്യത്തിലും, സർക്കാർ നഷ്ടമില്ലാത്തതും, കടത്തു പാസ്/പ്രതിജ്ഞാപത്ര പ്രകാരമുളളിടത്തേക്ക് കടത്തിക്കൊണ്ടു പോകുന്നതിന് പകരം, മറ്റൊരിടത്ത് തടി സൂക്ഷിച്ചത് കണ്ടെത്തി യഥാസമയം നടപടി കൈക്കൊണ്ടില്ലെന്ന കുറ്റം ജീവനക്കാരുടെ പോരായ്മയായി കാണേണ്ടതില്ലെന്നും, തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (3) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടി വിഷയത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ.കെ.കെ.ഹരികുമാർ 31.05.2019 ന സർവീസിൽ നിന്നും വിരമിക്കുകയുണ്ടായി ഇക്കാര്യത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വിശദീകരണവും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അഭിപ്രായവും പരിഗണിച്ച് സർവീസിൽ തുടരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.സി.രാജേഷ്, ശ്രീ.സി.ഷെറീഫ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.മുരളീധരൻ എന്നിവർക്ക് മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനായി സെൻഷർ (ശാസന) നൽകി കൊണ്ടും, സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.കെ.കെ.ഹരികുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.രാജേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

ശ്രീ.ഷെറീഫ്.സി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

ശ്രീ.മുരളീധരൻ.വി., സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

ശ്രീ.കെ.കെ.ഹരികുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ് (07/01/2023-ലെ 573/ഇ4/2018/വിജ്. നമ്പർ കത്ത് പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shaji A M

Date: 08-02-2023 13:12:55